ലപ്പെടുത്തിക്കഴിഞ്ഞു. ഐഡ്-സിൽ സ്കൂളിന്റെ പ്രവർത്തനത്തെ സംബന്ധിക്കുന്ന കരടു രേഖ തയ്യാറാക്കിയിട്ടുണ്ട്. സ്കൂളിന്റെ ആദ്യഘട്ടം അടുത്ത അദ്ധ്യയന വർഷം (2000-2001) മുതൽ പ്രവർത്തനസജ്ജമാകുന്ന വിധത്തിൽ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

(ഇ) ഇൻഫർമേഷൻ ടെക്നോളജി സർക്കാരിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 34 വകുപ്പുകളെ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത വകുപ്പുകളിൽ ഇതിനായി ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കുകയും നോഡൽ ഓഫീസർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അവർക്ക് ആവശ്യമായ പരിശീലനം നൽകികൊണ്ടിരിക്കുന്നു. സംസ്ഥാനത്ത് കമ്പ്യൂട്ടർ ശൃംഖല വ്യാപകമാക്കുന്നതിന്റെ ഭാഗമായി എല്ലാ ട്രഷറികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ശൃംഖല സ്ഥാപിക്കുന്നതിനുള്ള നടപടിയും സെക്രട്ടേറിയറ്റ്, സെക്രട്ടേറിയറ്റ് അനക്സ്, വികാസ് ഭവൻ, പബ്ലിക് ആഫീസ് എന്നിവയെ ബന്ധിപ്പിക്കുന്ന ശൃംഖല സ്ഥാപിക്കുന്ന നടപടിയും പൂർത്തിയായി വരുന്നു. ഇൻഫർമേഷൻ ടെക്നോളജി നൽകുന്ന നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വികസന രംഗത്തെ വിവരങ്ങൾ പൂർണ്ണമായും വളരെ വേഗത്തിലും ഗ്രാമീണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്ക് വിജ്ഞാന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കമ്പ്യൂട്ടർ ശൃംഖല (ആർ.ഡി.നെറ്റ്) പ്രവർത്തന സജ്ജമായി കഴിഞ്ഞു. ആർ.ഡി. നെറ്റിലൂടെ സംസ്ഥാനത്ത് എല്ലാ ബ്ലോക്കാഫീസുകളും ജില്ലാ ഗ്രാമവികസന ഏജൻസികളും കമ്പ്യൂട്ടർ വഴി ബന്ധിപ്പിക്കുന്ന ഏജൻസികളും ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന ബഹുമതിക്ക് കേരളം അർഹമായി.

(എഫ്) പൊതുജനങ്ങൾക്ക് പ്രാപ്യമായ വിധത്തിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ വ്യാപകമായ സാങ്കേതിക സാദ്ധ്യതകൾ സർക്കാർ തലത്തിൽ ഉപയോഗപ്പെടുത്തുമ്പോൾ കൂടുതൽ സുതാര്യമായതും ഉത്തരവാദിത്വത്തോടും കൂടിയ ഭരണ നിർവ്വഹണം സാദ്ധ്യമാവുമെന്ന് കണക്കാക്കപ്പെടുന്നു. ഇതുമൂലം ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുവാൻ കഴിയും. മറ്റു വ്യാവസായിക മേഖലകളുമായി ബന്ധപ്പെട്ടുകിടക്കുന്ന ഐ.റ്റി.വ്യവസായത്തിന്റെ വളർച്ച കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്ന പരിപാടികളെപ്പറ്റിയുള്ള വിവരങ്ങളുടെ ലഭ്യതയും കൈമാറ്റവും വേഗത്തിലും കൃത്യമായും സാദ്ധ്യമാവുന്നതാണ്.

പ്രവാസി മലയാളികൾക്ക് സുരക്ഷിത വരുമാനം ഉറപ്പു വരുത്തുന്നതിന് പദ്ധതി

22 (*172)ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികൾക്ക് സുരക്ഷിത വരുമാനം ഉറപ്പുവരുത്തുതിന് വേണ്ടിയുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് ഇതിനകം എടുത്തതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) പ്രവാസികളുടെ സമ്പാദ്യം സൃഷ്ടിപരമായ മേഖലകളിൽ തിരിച്ചുവിടാനുദ്ദേശിച്ചുകൊണ്ട് ജില്ലാ പ്രവാസി സംഘങ്ങൾ രൂപീകരിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ എട്ടു ജില്ലകളിൽ പ്രവാസി സംഘങ്ങൾ രൂപീകരിച്ചുകഴിഞ്ഞു. സ്വയം സഹായക ഗ്രൂപ്പുകളെന്ന നിലയിൽ പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങൾ മുഖാന്തിരം പ്രവാസി മലയാളികളുടെ കർമ്മശേഷിയെ ഫലപ്രദമായി ഉപയോഗിക്കുവാനും അവർക്ക് സുരക്ഷിത വരുമാനം ഉണ്ടാക്കാനും ശ്രമിക്കുന്നതാണ്.

സർക്കാർ അനലിസ്റ്റ് ലാബുകളുടെ പ്രവർത്തനം

23 (*173)ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അനലിസ്റ്റ് ലാബുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ലാബുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലാബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് അനലിസ്റ്റ് ലാബുകൾ പ്രവർത്തിച്ചുവരുന്നത്;

(ഇ) അനലിസ്റ്റ് ലാബുകളിൽ പരിശോധനയ്ക്കായി എത്തുന്ന സാംപിളുകൾ പരിശോധിച്ചതിന് ശേഷം എത്ര ദിവസത്തിനകം ഫലം അറിയിക്കണമെന്നാണ് വ്യവസ്ഥ എന്ന് അറിയിക്കുമോ;

(എഫ്) പരിശോധന ഫലം അറിയിക്കുവാൻ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) അനലിസ്റ്റ് ലാബുകളിൽ ഏതൊക്കെ പ്രധാന സാംപിളുകൾ ആണ് പരിശോധിച്ചു വരുന്നത് എന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഉണ്ട്.

(ബി) ഇല്ല. ലഭ്യമായ സൗകര്യങ്ങൾ വച്ച് ലാബുകൾ കാര്യക്ഷമമായിട്ടാണ് പ്രവർത്തിക്കുന്നത്.

(സി) അനലിറ്റിക്കൽ ലാബറട്ടറികളിലെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആധുനീകരണം ഒരു പ്രധാന ഘടകമായതിനാൽ ഹൈപ്രയർ ലിക്വിഡ് ക്രോമോറ്റോഗ്രാഫ്, ഗ്യാസ് ലിക്വിഡ് ക്രോമാറ്റോഗ്രാഫ്, സ്പെക്ട്രോ ഫോട്ടോമീറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുകയും ആഹാര

LIBRARY ARCHIVES Kerala Legislative Assembly